# പതിനഞ്ചാം കേരള നിയമസഭ
# മൂന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്
# 27-10-2021

## (18) ബില്ലിലെ ഭരണഘടനാ വിരുദ്ധത

2021 ഒക്ടോബർ 27-ാം തീയതി 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ അവതരണവേളയിൽ, വഖഫ് ബോർഡുകൾ ഭരണഘടനയുടെ ആർട്ടിക്കിൾ 26 അനുവദിച്ചിട്ടുള്ള മൗലികാവകാശത്തിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനാൽ അതിനുവിരുദ്ധമായി നിയമനിർമ്മാണം നടത്താൻ പാർലമെന്റിനോ, നിയമസഭകൾക്കോ അധികാരമില്ലെന്നും സംസ്ഥാന വഖഫ് ബോർഡുകൾ രൂപീകരിക്കുന്നതും സർക്കാരിനോട് കൂടിയാലോചിച്ച് ബോർഡുകൾ ജീവനക്കാരെ നിയമിക്കുന്നതും 1995-ലെ കേന്ദ്ര വഖഫ് നിയമ പ്രകാരമായതിനാൽ നിയമ ഭേദഗതിക്കോ, നിയമനം പി.എസ്.സി.ക്ക് വിടാനോ സാധിക്കില്ലെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

1995-ലെ കേന്ദ്ര വഖഫ് നിയമപ്രകാരം ബോർഡിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ആക്ടിലെയും അതിന് കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാതെ റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന വ്യവസ്ഥയുണ്ട്. കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷൻ അനുസരിച്ച് നിയമന ചുമതല പി.എസ്.സി.യെ ഏൽപ്പിക്കുന്നതിനുള്ള ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിനോ, റെഗുലേഷനോ വിരുദ്ധമല്ല. ചട്ടങ്ങളും സ്പെഷ്യൽ റൂൾസും രൂപീകരിക്കുമ്പോൾ ജീവനക്കാരെ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ കേന്ദ്ര നിയമപ്രകാരവും ബോർഡ് നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേനയും നിയമനം നൽകുമെന്നും കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.

"സംസ്ഥാന വഖഫ് ബോർഡ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള ചുമതല പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ബിൽ കേന്ദ്ര വഖഫ് നിയമത്തിനോ അതിന് കീഴിലുള്ള റെഗുലേഷനുകൾക്കോ വിരുദ്ധമല്ല. അതോടൊപ്പം, ബിൽ പരിഗണിക്കുന്നത് സഭയുടെ നിയമ നിർമ്മാണാധികാരത്തിന് വിധേയമല്ലെന്ന വാദം നിലനിൽക്കുന്നതല്ല.”